**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 530** **20-03-2023 - ൽ മറുപടിയ്ക്ക്**

**അവളിടം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ എം മുകേഷ് ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡ് സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി ആരംഭിച്ച അവളിടം പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ആത്മവിശ്വാസവും അവബോധവും വളർത്തി സ്ത്രീ ശാക്തീകരണത്തിന് അടിത്തറ പാകാൻ പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) | അവളിടം പദ്ധതി മികച്ച രീതിയിൽ നടന്നുവരുന്നു. സ്ത്രീ ശാക്തീകരണം, ബോധവൽക്കരണം, കല, കായികം, തൊഴിൽ പരിശീലനങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ ക്ലാസ്സുകളും സെമിനാറുകളും അവളിടം ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടത്തി വരുന്നു. 14 ജില്ലകളിലും യുവതികൾക്കായി കലാട്രൂപ്പുകൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | യുവതികളെ സ്വയംപര്യാപ്തരാക്കുന്നതിന്റെ ഭാഗമായി സ്വയംതൊഴിൽ പരിശീലനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അവളിടം ക്ലബ്ബുകളുടെ നേതൃത്വത്തിൽ യുവതികൾക്കായി കേക്ക് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, തയ്യൽ പരിശീലനം, കൂൺകൃഷി പരിശീലനം, കേക്ക് നിർമ്മാണം - വിപണനം എന്നിവ സംഘടിപ്പിച്ചു. കഴിഞ്ഞ ക്രിസ്മസ് - പുതുവർഷാഘോഷങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലുമായി 750 ഓളം യുവതികൾ കേക്കുകൾ നിർമ്മിച്ച് വിപണനം നടത്തുകയും വിപണന മേളയിൽ പങ്കെടുത്ത യുവതീക്ലബ്ബുകൾക്ക് സ്വന്തമായി വരുമാനം നേടി കൊടുക്കുവാനും ഈ സംരംഭം വഴി കഴിഞ്ഞിട്ടുണ്ട്. |
| (സി) | സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് അവളിടം പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (സി) | യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ, സ്ത്രീ സുരക്ഷയെ സംബന്ധിച്ചുള്ള നിയമബോധവൽക്കരണ ക്ലാസ്സുകൾ, സ്ത്രീധനത്തിനെതിരയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ